# കർദിനാൾ ജോസഫ് പാറേക്കാട്ടിൽ: ഇന്നും ജ്വലിക്കുന്ന പ്രകാശഗോപുരം

അങ്കമാലിയിലെ കിടങ്ങൂരിൽ നിന്നും പൊട്ടിപുറപ്പെട്ട ദൈവിക ചൈതന്യത്തിന്റെയും സഭാത്മക ജീവിതത്തിന്റെയും ശക്തമായ പ്രവാഹമായിരുന്നു നൂറുവർഷം മുമ്പ് ജനിച്ച കർദിനാൾ ജോസഫ് പാറേക്കാട്ടിൽ. ക്രിസ്തു ജനിച്ചപ്പോൾ 'നസ്രത്തിൽ നിന്നും എന്തു നന്മ വരും' എന്ന ചോദ്യമുയർന്നതുപോലെ കിടങ്ങൂർ എന്ന ചെറിയ ഗ്രാമത്തിൽ നിന്നും എന്തു നന്മ വരും എന്ന ചോദ്യത്തിനു ഉത്തരമായിരുന്നു 1912 ഏപ്രിൽ ഒന്നാം തീയതി പാറേക്കാട്ടിൽ കൊച്ചിട്ടീര, ഏലീശ്വ ദമ്പതികളുടെ അഞ്ചു മക്കളിൽ നാലാമനായി ജനിച്ചു പീന്നിട് വൈദികനായി അഭിഷേകം ചെയ്യപ്പെട്ട് എറണാകുളം അതിരൂപതയുടെ മൂന്നാമത്തെ അദ്ധ്യക്ഷനും ഭാരതത്തിലെ രണ്ടാമത്തേതും കേരളത്തിലെ ആദ്യത്തെയും കർദിനാളുമായി തീർന്ന ജോസഫ് പാറേക്കാട്ടിൽ. ഭോഷ ദിനമായ എപ്രിൽ 1-ാം തീയതി ജനിച്ചതുകൊണ്ട് അദ്ദേഹത്തെ സതീർത്ഥ്യർ കളിയാക്കുമ്പോൾ അദ്ദേഹം പറയുമായിരുന്നു 'ഭോഷദിനത്തിൽ ജനിച്ച ഏക ബുദ്ധിമാനാണു ഞാൻ'. 1939 ആഗസ്റ്റ് 24-ാം തീയതി എറണാകുളം അതിരൂപതയക്കു വേണ്ടി വൈദികനായി അഭിഷിക്തനായ പാറേക്കാട്ടിലച്ചൻ പീന്നീട് സത്യദീപം വാരികയുടെ എഡിറ്ററായി. 1953 നവംബർ 30-ാം തീയതി മെത്രാനായി അഭിഷിക്തനായി. 1956 ജൂലൈ 20-ാം തീയതി ആർച്ചുബിഷപ്പായി ഉയർത്തപ്പെട്ടു. 1969 മാർച്ച് 28-ാം തീയതി കേരളത്തിലെ ആദ്യ കർദിനാളായി അവരോധിക്കപ്പെട്ടു. ആത്മാവിനാൽ പ്രചോദിതനായി തന്റെ ജീവിതം മുഴുവൻ ദൈവജന ശുശ്രൂഷയക്കു വേണ്ടി സമർപ്പിച്ച പ്രതിബദ്ധതയുടെ ജീവിതത്തിൽ നിന്നും 1984 എപ്രിൽ ഒന്നാം തീയതി വിരമിക്കുകയും 1987 ഫെബ്രുവരി 20 -ാം തിയതി ദിവംഗതനാകുകയും ചെയ്തു.

## വിളിയോട് പ്രതിബദ്ധത കാണിച്ച വൈദികൻ

ഒരു വൈദികൻ എന്ന നിലയിൽ ഫാ. ജോസഫ് പാറേക്കാട്ടിൽ ഞാറയ്ക്കൽ ഇടവകയിലാണ് തന്റെ സേവനം ആരംഭിച്ചത്. പിന്നീട് പറവൂർ പള്ളിയിലും ചുണങ്ങംവേലി പള്ളിയിലും പെരുമാനൂർ പള്ളിയിലും സേവനം ചെയ്തിട്ടുണ്ട്. ദൈവജനത്തിനു വേണ്ടി പൂർണമായും സമർപ്പിച്ച വൈദികന്റെ ജീവിതത്തിലെ എല്ലാ ക്ലേശങ്ങളിലൂടെയും പാറേക്കാട്ടിലച്ചൻ കടന്നുപോയിട്ടുണ്ട്. കർദിനാൾ പാറേക്കാട്ടിൽ ആത്മകഥയായ 'ഞാനെന്റെ ദൃഷ്ടിയിൽ' എഴുതി, "നിത്യമായ സമർപ്പണത്തിന്റെ മഹനീയ മുദ്ര എന്റെ ജീവിതത്തിൽ പതിച്ച അവിസ്മരണീയമായ ആ നിമിഷത്തിന്റെ ഗാംഭീര്യവും ഗൗരവവും എന്റെ ഹൃദയത്തിൽ ഇന്നും അലതല്ലുന്നു." നിത്യമായ ബ്രഹ്മചര്യം ഏറ്റെടുത്ത അഞ്ചാം പട്ടം സ്വീകരിച്ച ദിവസം അദ്ദേഹം ഡയറിയിൽ കുറിച്ചു, "നിത്യകാലത്തേയ്ക്ക് ഞാൻ ദൈവത്തിനു പ്രതിഷ്ഠിതനായിരിക്കുന്നു; പുറകോട്ടു വയ്ക്കാനാവാത്ത ആ ചുവട് വച്ചു കഴിഞ്ഞിരിക്കുന്നു."

## കാരുണ്യപ്രവൃത്തികളുടെ മെത്രാൻ

വത്തിക്കാനിലെ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ അദ്ധ്യക്ഷൻ കർദിനാൾ യൂജീൻ തീസരാംഗിന്റെ കേരള സന്ദർശനവുമായി ബന്ധപ്പെട്ട് സത്യദീപത്തിന്റെ സ്പെഷൽ പതിപ്പിന്റെ പണിപ്പുരയിൽ ആയിരിക്കുമ്പോഴാണ് ജോസഫ് പാറേക്കാട്ടിലച്ചനെ മെത്രാനായി നിയമിക്കുന്നുവെന്ന വാർത്ത മെത്രാപ്പോലീത്ത കണ്ടത്തിൽ ആഗസ്തിനോസ് അറിയിക്കുന്നത്. ദൈവത്തിന്റെ ഹിതം ശിരസ്സാവഹിക്കാൻ തയ്യാറായ പാറേക്കാട്ടിലച്ചൻ മെത്രനായി അഭിക്ഷിക്തനാകുന്നതിന്റെ തലേ ദിവസം വളരെ

പ്രതീകാത്മകമായ കർമം നടന്നു. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ, ' എന്റെ മെത്രാഭിഷേകത്തിന്റെ തലേ ദിവസം, നവംബർ 29-ാം തീയതി, അരമനയുടെ പരിസരങ്ങളിൽ വച്ച് അന്നദാനം നടന്നു. അഭിനന്ദനീയവും ആനന്ദദായകവുമായ ഒരു ചടങ്ങ്. അന്നു ഉദ്ദേശം നാലായിരം പേർക്ക് മൃഷ്ടാന്നഭോജനം നല്കപ്പെട്ടു. കണ്ടത്തിൽ തിരുമേനിയും ഞാനും ആദ്യം ചോറു വിളമ്പിക്കൊടുത്തു. എന്റെ ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഔദ്യോഗികമായ ഒരു ഉദ്ഘാടനമായി അതിനെ ഞാൻ കണക്കാക്കുന്നു." എറണാകുളം അതിരുപതയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് കർദിനാൾ ജോസഫ് പാറേക്കാട്ടിൽ എന്നും മുൻഗണന കൊടുത്തിരുന്നു. അതിനുവേണ്ടി സന്യസ്തരെയും പിതാവ് ഏറെ പ്രോത്സാഹിപ്പിച്ചു. പാവപ്പെട്ടവരും നിർദ്ധനരുമായ ജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ധാരാളം പദ്ധതികൾ കർദിനാൾ പാറേക്കാട്ടിൽ തുടങ്ങിവച്ചു. ഇന്നു എറണാകുളം അതിരൂപത സോഷ്യൽ വർക്ക് രംഗങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നുണ്ടെങ്കിൽ അതിനു ഉജ്ജ്വലമായ തുടക്കം കുറിച്ചത് കർദിനാൾ പാറേക്കാട്ടിലായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു സ്ഥാപിതമായ അനാഥാലയങ്ങളും അഗതി മന്ദിരങ്ങളും മറ്റും ഇന്നും പാവങ്ങൾക്കു അത്താണിയായി വർത്തിക്കുന്നു.

## ദീർഘവീക്ഷണമുള്ള അജപാലകൻ

എറണാകുളം അതിരൂപതയിലുടനിളം ഇന്നു കാണുന്ന പള്ളികൾക്കും കപ്പേളകൾക്കും സ്ഥലം വാങ്ങിക്കാൻ പ്രേരണ നൽകിയതും വിശ്വാസികളുടെ ആരാധനയ്ക്കു ഉതകുംവിധം ദൈവലായങ്ങൾ പണിതതും കർദിനാൾ പാറേക്കാട്ടിലിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമാണ്. കണ്ടത്തിൽ മെത്രാപ്പോലീത്തായുടെ സഹായ മെത്രാനായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ പ്രതിനിധിയായി എറണാകുളം അതിരൂപതയിലെ മിക്ക ഇടവകകളിലും ബിഷപ് പാറേക്കാട്ടിൽ അജപാലന സന്ദർശനം നടത്തിയിരുന്നു. വളരെ ഒരുക്കത്തോടു കൂടിയ ഇത്തരം അജപാലന സന്ദർശനങ്ങൾ വഴി ഇടവകകളെ ആത്മീയമായി പുനരുദ്ധരിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു. എറണാകുളം അങ്കമാലി അതിരൂപതയിലുള്ള ലിസി ആശുപത്രി, അങ്കമാലിയിലെ ലിറ്റിൽ ഫ്ളവർ ആശുപത്രി, ഭാരത മാതാ കോളജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം കർദിനാൾ പാറേക്കാട്ടിലിന്റെ പ്രത്യേക ശ്രദ്ധയും പ്രോത്സാഹനവും ലഭിച്ചവയാണ്. പാറേക്കാട്ടിൽ പിതാവിന്റെ കാലത്താണ് കോതമംഗലം രൂപത എറണാകുളത്തു നിന്നു വിഭജിക്കപ്പെടുന്നത്. വളരെ സുഗമമായി കോതമംഗലം രൂപതയുടെ പ്രാരംഭം കുറിക്കാനും ആ രൂപതയ്ക്കു പുരോഗതിയുടെ വഴി തുറന്നു കൊടുക്കാനും പിതാവ് ആത്മാർത്ഥമായി പരിശ്രമിച്ചു.

## സീറോ മലബാർ സഭയുടെ വക്താവ്

കർദിനാൾ ജോസഫ് പാറേക്കാട്ടിലിനെ കൂടാതെ സീറോ മലബാർ സഭയുടെ ചരിത്രം കുറിക്കാനാവുകയില്ല. അദ്ദേഹത്തിന്റെ സമയോചിതമായ ഇടപെടലുകളാണ് സീറോ മലബാർ സഭയുടെ നിലനിൽപ്പിനു തന്നെ കാരണം. 1953-ൽ തലശ്ശേരി രൂപത സ്ഥാപിതമായപ്പോൾ റോമിൽ നിന്നുള്ള കല്പനയിൽ 'സീറോ മലബാർ സഭ' എന്നതിനു പകരം 'കൽദായ മലബാർ' റീത്തുകാർ എന്നായിരുന്നു എഴുതി വന്നത്. ഇതിനകം ഇവിടുത്തെ എല്ലാ രേഖകളിലും സീറോ മലബാർ എന്ന നാമം സ്ഥിരീകരിക്കപ്പെട്ടിരുന്നു. അതിനാൽ റോമിൽ ശക്തമായ ഇടപെടൽ നടത്തി പാറേക്കാട്ടിൽ പിതാവ് സീറോ മലബാർ സഭയുടെ പേരു അങ്ങനെതന്നെ നിലനിർത്തി. സീറോ മലബാർ സഭയിൽ കർദിനാൾ പാറേക്കാട്ടിലിനു ഒരു പ്രവാചകധർമം നിർവഹിക്കാനുണ്ടായിരുന്നു. പ്രത്യേകിച്ച് സഭയുടെ ലിറ്റർജിയെ സംബന്ധിച്ച കാര്യങ്ങളിൽ. സീറോ മലബാർ സെന്ററൽ ലിറ്റർജിക്കൽ കമ്മറ്റിയുടെ പ്രസിഡന്റ് എന്ന നിലയിലുള്ള കർദിനാൾ പാറേക്കാട്ടിലിന്റെ നിലപാടുകളും ഇടപെടലുകളും വളരെ നിർണായകവും പ്രസക്തവുമായിരുന്നു. അതിന്റെ പേരിൽ അദ്ദേഹം തെറ്റിദ്ധരിക്കപ്പെടുകയും വേദനിക്കുകയും ചെയ്തു. പൗരസ്ത്യ സഭയായ സീറോ മലബാർ സഭയുടെ ലിറ്റർജി പുനരുദ്ധരിക്കുന്നതോടൊപ്പം കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് അതു നവീകരിച്ച് ജീവിതസാഹചര്യങ്ങളോടും സംസ്കാരത്തോടും സംവദിക്കുന്നതായിരിക്കണമെന്നും അദ്ദേഹം ശക്തമായി വാദിച്ചിരുന്നു. അല്ലെങ്കിൽ വിശ്വാസികളുടെ ജീവിതവും പരിശുദ്ധ കുർബാനയും തമ്മിലുള്ള ബന്ധം നഷ്ടപ്പെടുമെന്നു അദ്ദേഹത്തിനു ഉത്തമ ബോധ്യമുണ്ടായിരുന്നു.

## കർദിനാൾ പാറേക്കാട്ടിലും ഇന്ത്യൻ സഭയും

കർദിനാൾ പാറേക്കാട്ടിലിന്റെ സ്വപ്നം റീത്തുകൾക്കതീതമായ ഒരു ഇന്ത്യൻ സഭയായിരുന്നു. ഭാരതത്തിൽ ജീവിക്കുന്ന വിശ്വാസികൾക്കു ഇവിടുത്തെ സംസ്കാരത്തിലും ഭാഷയിലും ഇഴുകിച്ചേരുന്ന കുർബാനയർപ്പണവും വിശ്വാസ ജീവിത രീതിയുമായിരുന്നു അഭികാമ്യം. അതിനു വേണ്ടി ഭാരതീയ പൂജയും കർദിനാൾ പാറേക്കാട്ടിൽ സഭയിൽ ഉദ്ഘാടനം ചെയ്തു. മാതാന്തര സംഭാഷണത്തിനും ഇതര ക്രൈസ്തവ സഭകളുമായുള്ള സംഭാഷണത്തിനും കർദിനാൾ പാറേക്കാട്ടിൽ ഏറെ പ്രധാന്യം കൊടുത്തിരുന്നു. ഭാരത മെത്രാൻ സമിതിയുടെ അദ്ധ്യക്ഷനായിരുന്നപ്പോൾ ബാംഗ്ലൂരിലുള്ള സെന്റ് ജോൺസ് ആശുപത്രിയുടെ വളർച്ചയ്ക്കുവേണ്ടി സ്തുത്യർഹമായ സംഭാവനകൾ പിതാവ് നല്കിയിട്ടുണ്ട്.

## കർദിനാൾ പാറേക്കാട്ടിലും ആഗോള സഭയും

കത്തോലിക്കാസഭയിൽ വിപ്ലവകരമായ മാറ്റത്തിനു നിദാനം കുറിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിൽ കർദിനാൾ പാറേക്കാട്ടിൽ സജീവമായി പങ്കെടുത്തിരുന്നു. കൗൺസിലിനു ഒരുക്കമായുള്ള ഒരു കമ്മീഷന്റെ യോഗത്തിൽ അദ്ദേഹം അദ്ധ്യക്ഷം വഹിച്ചപ്പോൾ പൗരസ്ത്യ റീത്തുകൾ കത്തോലിക്കാ സഭയ്ക്കു അലങ്കാരമാണെന്ന കാനോനിക നിയമത്തിലെ പ്രയോഗത്തെ എതിർക്കുകയും അവ സഭാശരീരത്തിലെ അവിഭാജ്യഘടകങ്ങളാണെന്നു വാദിക്കുകയും ചെയ്തത് ഏറെ ശ്രദ്ധയാർജ്ജിച്ചു. 1962 നവംബർ 27-ാം തീയതി കർദിനാൾ പാറേക്കാട്ടിൽ വത്തിക്കാൻ കൗൺസിലിൽ പ്രസംഗിച്ചു. ഐക്യം പ്രോത്സാഹിപ്പിക്കാൻ പൗരസ്ത്യ സഭകൾ തങ്ങളുടെ പുരാതന പാരമ്പര്യങ്ങൾ പരിത്യജിക്കാൻ ഇടയായിട്ടുണ്ടെങ്കിൽ അവയിലേയ്ക്കു തിരിയണമെന്നു കൗൺസിലിൽ ചർച്ച വന്നിരുന്നു. അതു പ്രയോഗികവിഷമതകളും അജപാലന രംഗത്തു പ്രശ്നങ്ങളും ഉളവാക്കുമെന്ന് അദ്ദേഹം ശക്തമായി വാദിച്ചു. കൗൺസിൽ പിതാക്കാന്മാർക്കുവേണ്ടി പാറേക്കാട്ടിൽ പിതാവ് മലയാള ഭാഷയിൽ സീറോ മലബാർ കുർബാന ചൊല്ലുകയും ചെയ്തു. വലിയ ഒച്ചപ്പാടില്ലാതെ ചൊല്ലിയ കുർബാന എല്ലാവർക്കും ഇഷ്ടപ്പെട്ടിരുന്നുവെന്നു കർദിനാൾ തന്റെ ആത്മകഥയിൽ വ്യക്തമാക്കിയിട്ടുണ്ട്. പോൾ ആറാമൻ മാർപാപ്പ മരിച്ചപ്പോൾ പുതിയ മാർപാപ്പയെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവിൽ പാറേക്കാട്ടിൽ പിതാവും ഉണ്ടായിരുന്നു. കർദിനാളന്മാരെ കുറിച്ച് അമേരിക്കയിൽ നിന്നും പ്രസിദ്ധികരിച്ച 'ഉള്ളിലെ പ്രഭുക്കന്മാർ' (Inner Elite) എന്ന പുസ്തകത്തിൽ ശക്തരായ കർദിനാളന്മാരുടെ കൂട്ടത്തിൽ കർദിനാൾ പാറേക്കാട്ടിലിന്റെയും പേരുണ്ടായിരുന്നു. ആ പുസ്തകത്തിൽ കർദിനാൾ പാറേക്കാട്ടിലിനെക്കുറിച്ചെഴുതിയപ്പോൾ മറ്റു മതസ്ഥരോടുള്ള പിതാവിന്റെ മനോഭാവം എടുത്തുപറഞ്ഞിരുന്നു. " ഇതരമതവിശ്വാസികൾ തങ്ങളുടെ മതങ്ങളിൽ കണ്ടെത്തുന്ന എല്ലാറ്റിന്റെയും പൂർണതയായി ക്രിസ്തുമതത്തെ നാം അവരുടെ മുമ്പിൽ അവതരിപ്പിക്കണം. മിഷനറിമാർ നിസ്വാർത്ഥമതികളായിരിക്കണമെന്നും നിർബന്ധിച്ചു മതം മാറ്റുന്ന സമ്പ്രദായം സ്വീകരിക്കരുതെന്നും നാം ഊന്നി പറയേണ്ടിയിരിക്കുന്നു. മാത്രമല്ല, സഭ യഥാർത്ഥത്തിൽ കാതോലികമാകണമെങ്കിൽ മറ്റു മതങ്ങളിലുള്ള സനാതന മുല്യങ്ങളെ സ്വീകരിക്കേണ്ടിയുമിരിക്കുന്നു".

## കാലം അണയ്ക്കാത്ത പ്രകാശഗോപുരം

പ്രസിദ്ധ സഭാ ചരിത്രകാരനായ മത്തിയാസ് മുണ്ടാടൻ സി.എം.ഐ കർദിനാൾ പാറേക്കാട്ടിലിനെ വിശേഷിപ്പിച്ചിരിക്കുന്നത് "വൈരുദ്ധ്യത്തിന്റെ അടയാളം" എന്നാണ്. ഭാരത കത്തോലിക്കാ സഭയ്ക്കും സീറോ മലബാർസഭയ്ക്കും ശ്രേഷ്ഠമായ സംഭവാനകൾ നൽകിയ കർദിനാൾ പാറേക്കാട്ടിലിന്റെ തുറവിയെയും ദീർഘവീക്ഷണത്തെയും പ്രായോഗികജ്ഞാനത്തെയും സീറോ മലബാർ സഭയിലെ ഒരു ന്യൂനപക്ഷം തെറ്റിദ്ധരിച്ചിരുന്നു. അദ്ദേഹത്തിന്റെ ജന്മശതാബ്ദിയാഘോഷിക്കുമ്പോൾ അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ നമ്മിലേയ്ക്കു അഗ്നിയായി ഇറങ്ങട്ടേ. "എന്റെ ജീവിതം കൊടുങ്കാറ്റിൽപെട്ട ഒരു വിമാനം പോലെയായിരുന്നു. വൈമാനികർക്കു വിമാനം നിർത്തുവാനോ കൊടുങ്കാറ്റു ശമിപ്പിക്കുവാനോ സാധ്യമല്ല. ആ വ്യോമവാഹനത്തെ സുരക്ഷിതമായ ലക്ഷ്യസ്ഥാനത്തു ഇറക്കുക മാത്രമാണ് കരണീയമായിട്ടുള്ളത്". കർദിനാൾ പാറേക്കാട്ടിലിന്റെ വാക്കുകളും അദ്ദേഹത്തിന്റെ ആശയങ്ങളും ഇന്നും സഭയിലും സമൂഹത്തിലും കത്തിജ്ജ്വലിക്കുന്നു. അതിൽ നിന്നു പ്രചോദനം ഉൾകക്കൊണ്ടുകൊണ്ടു സഭയിലും സമൂഹത്തിലും പ്രകാശഗോപുരമാകാൻ ഏവർക്കും സാധിക്കട്ടേ!